A

# സമഗ്ര ശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണ്ണയം 2024-2025

702

## മലയാളം

ക്ലാസ് : 7 | കേരളപാഠാവലി | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1**

**വായിക്കാം എഴുതാം.**

### വാക്കിന്റെ പോക്ക്

ഭാഷയിലെ ഏറ്റവും പ്രധാന ഘടകം വാക്യമാണ്. ഒരു കാര്യം വാക്യത്തിൽ പറയുമ്പോഴാണ് ഏറെക്കുറെയെങ്കിലും അർഥബോധം ഉണ്ടാകുന്നത്. വാക്കുകൾ കൂട്ടിച്ചേർത്താണല്ലോ വാക്യമുണ്ടാക്കുന്നത്. നല്ല ശ്രദ്ധയോടെ വാക്കുകൾ തിരഞ്ഞെടുത്ത് പ്രയോഗിക്കുന്നവരാണ് ഭാഷാപ്രയോഗത്തിൽ വിജയിക്കുന്നത്. വേണ്ട വാക്ക് വേണ്ടിടത്ത് ഉപയോഗിക്കാൻ കഴിയണം. * പ്രിയംവദമാരെ ശ്രദ്ധിച്ചുനോക്കൂ. അവർ * വശ്യമായ വാക്കുകൾ വാക്യത്തിൽ വിന്യസിക്കുന്നതു കാണാം.

'അവന്റെ തൊണ്ട ശവക്കുഴിയാകുന്നു' എന്ന് ബൈബിളിൽ പ്രയോഗമുണ്ട്. ഏറ്റവും നീചമായ നിലയിൽ ഭാഷ ഉപയോഗിക്കുന്നവരെയാണ് ഈ പ്രയോഗം ലക്ഷ്യമാക്കുന്നത്. അപ്രിയമായ വാക്കുകൾ പ്രതിപക്ഷബഹുമാനമില്ലാതെ നിരത്തിയാണ് അത്തരം ആളുകൾ വാക്യം നിർമ്മിക്കുന്നത്. അതു ശീലമാക്കിയാൽ ഭാഷയും അതുവഴി വ്യക്തിത്വവും ചീത്തയാകും. അതുകൊണ്ടുതന്നെ അതിശയിപ്പിക്കുന്ന ഒരു ഭാഷാവസ്തുവാണ് വാക്ക്.

ഡോ.സാബു കോട്ടുക്കൽ

* പ്രിയംവദമാർ – നല്ലതു പറയുന്നവർ
* വശ്യം – ആകർഷകം

1. ഒരു കാര്യം അർഥബോധത്തോടെ ഗ്രഹിക്കാൻ കഴിയുന്നതെപ്പോഴാണ്?
   എ. വാക്യത്തിൽ മനസിലാക്കുമ്പോൾ
   ബി. വാക്കുകളെ അറിയുമ്പോൾ
   സി. അർഥം അറിയുമ്പോൾ
   ഡി. ആഴത്തിൽ ചിന്തിക്കുമ്പോൾ
2. ഭാഷാപ്രയോഗത്തിൽ വിജയിക്കണമെങ്കിൽ എന്താണു ചെയ്യേണ്ടത്?
   എ. അറിവ് നേടണം
   ബി. ശ്രദ്ധയോടെ വാക്കുകൾ തിരഞ്ഞെടുക്കണം
   സി. രസകരമായ ഭാഷ പ്രയോഗിക്കണം.
   ഡി. നല്ല പുസ്തകങ്ങൾ വായിക്കണം.
3. ഭാഷയും വ്യക്തിത്വവും മോശമാകുന്ന സാഹചര്യം ഏതാണ്?
   എ. വലിയ വാക്കുകൾ ചേർത്തുവാക്യം നിർമ്മിക്കുമ്പോൾ
   ബി. മോശമായ വാക്കുകൾ ഉപയോഗിച്ച് ഭാഷ പ്രയോഗിക്കുമ്പോൾ
   സി. ഭാഷ ഉപയോഗിക്കാതിരിക്കുമ്പോൾ
   ഡി. തുടർച്ചയായി എഴുതുമ്പോൾ
4. അതിശയിപ്പിക്കുന്ന ഭാഷാവസ്തുവായി പരിഗണിക്കാൻ കഴിയുന്നത്.
   എ. നല്ല വാക്കുകൾ ചേരുന്ന വാക്യം.
   ബി. നല്ല വാക്കുകൾ തരുന്ന അർത്ഥം.
   സി. വാക്യവും അർത്ഥവും
   ഡി. വാക്യങ്ങളുടെ കൂട്ടം.

5. വ്യക്തിയെ പ്രിയങ്കരനാക്കാൻ നല്ല കൂട്ടുകാരെപ്പോലെ സഹായിക്കുന്ന ഘടകം ഏതാണ്?

എ. നല്ല കൂട്ടുകാരും നല്ല വാക്കുകളും.

ബി. നല്ല കൂട്ടുകാരും പണവും.

സി. നല്ല കൂട്ടുകാരും പുസ്തകങ്ങളും

ഡി. നല്ല കൂട്ടുകാരും ഭക്ഷണവും.

**പ്രവർത്തനം 2. അനുഭവക്കുറിപ്പ്**

*'അമ്മയെവിടെ' എന്ന ടീച്ചറുടെ ചോദ്യത്തിന് എനിക്കമ്മയില്ലന്നു ഞാൻ പറഞ്ഞു. ടീച്ചർ എന്നെ ചേർത്തു പിടിച്ചു. 'ഞാനില്ലേ' നിനക്കെന്ന് ടീച്ചർ പറഞ്ഞപ്പോ എന്റെ മനസു നിറഞ്ഞു.*

വാക്കുകളിതുപോലെ നിങ്ങളെ സന്തോഷിപ്പിക്കുകയോ സങ്കടപ്പെടുത്തുകയോ ചെയ്തിട്ടില്ലേ. ഒരനുഭവം കുറിപ്പായി എഴുതുക.

**പ്രവർത്തനം 3. തത്സമയവിവരണം**

സ്കൂൾ കലോത്സവം താളമേളത്തോടെ വിദ്യാലയത്തിൽ പുരോഗമിക്കുകയാണ്. കലാപരിപാടികളുടെയും കുട്ടികളുടെ പങ്കാളിത്തത്തിന്റെയും ആവേശം ചോർന്നു പോകാതെ കലോത്സവത്തിന്റെ തത്സമയവിവരണം തയ്യാറാക്കുക.

**പ്രവർത്തനം 4.**

**എ. വിശകലനക്കുറിപ്പ്**

*'പ്രകൃതി ഒരു ചിത്രശാലയാണ്.' നാനാവർണ്ണങ്ങൾ ചാലിച്ചു ചേർത്ത്,*
*സർവജീവജാലങ്ങളും ഇവിടെ ചിത്രവിരുന്നൊരുക്കുകയാണ്.*

ചിത്രശലഭങ്ങൾ എന്ന കവിത വിശകലനം ചെയ്ത് കുറിപ്പ് എഴുതുക.

ബി. ചിത്രശലഭങ്ങൾ എന്ന കവിത എഴുതിയത് ആരാണ്?
(എസ്. ജോസഫ്, ചങ്ങമ്പുഴ, സുഗതകുമാരി, വള്ളത്തോൾ)

**പ്രവർത്തനം 5 .**

**എ. ഇ-മെയിൽ സന്ദേശം**

*'അങ്ങു വാനക്കോണില്*
*മിന്നിനിന്നൊരമ്പിളി*
*അമ്പിളിക്കലക്കുള്ളില്*
*ചോരക്കൺമുയൽ*

വൈക്കം വിജയലക്ഷ്മിയുടെ ഈ പ്രസിദ്ധഗാനം ശ്രദ്ധിച്ചിട്ടില്ലേ. കാഴ്ചപരിമിതിയെ സംഗീതം കൊണ്ട് അതിജീവിക്കുന്ന കലാകാരിയെ അഭിനന്ദിച്ച് ഇ-മെയിൽ അയക്കാൻ സന്ദേശം തയ്യാറാക്കുക.

**ബി.** *'വൻകടൽ പോലെ പരന്നിതു വമ്പട!'*
ഇവിടെ പറയുന്ന 'വമ്പട' ഏതാണ്?
(പാണ്ഡവസൈന്യം, കൗരവസൈന്യം, കാലാൾപ്പട, വെള്ളക്കുതിര)

**പ്രവർത്തനം 6.**

**എ. കുറിപ്പ്**

*''കുട്ടികൾ ഞങ്ങൾ കുന്നിൽ ചെന്നാൽ*
*കുന്നിൽ നിറയെ പൂ വിരിയും*
*കുയിലുകൾ പാടും മയിലുകൾ ആടും*
*കുന്നോരം, ഹാ! കുളിരണിയും.*

ജയനാരായണൻ തൃക്കാക്കര

വരികൾ വായിച്ചില്ലേ? ആസ്വദിച്ച ഒരു കാഴ്ചയെക്കുറിച്ചെഴുതുക.

**ബി.** മതിമോഹനശുഭനർത്തനം ആടുന്നത് ആരാണ്?
(നർത്തകി, മലയാള കവിത, കുട്ടികൾ, പാട്ടുകാർ)